# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 4172 – 13/12/2018 -ലെ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായപദ്ധതി

**ചോദ്യം**

**ഉത്തരം**

**ശ്രീ.ആന്റണി ജോൺ**

**ഡോ. ടി. എം. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായപദ്ധതിപ്രകാരം 31.03.2016 ന ശേഷം കുടിശ്ശിക ആയിട്ടുള്ളതും തിരിച്ചടവ് ആരംഭിച്ചിട്ടുള്ളതുമായ വായ്പകൾക്ക് സഹായം നല്കുന്നതിന് നിലവിൽ അനുമതി നല്കിയിട്ടുണ്ടോ ;വിശദമാക്കാമോ; | വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിയുടെ മാനദണ്ഡങ്ങൾ അനുസരിച്ച് 01.04.2016 ന മുൻപ് തിരിച്ചടവ് തുടങ്ങിയതോ 31.03.2016 നോ അതിനു മുൻപോ എൻ.പി.എ ആയതും 31.03.2016 ന് എൻ.പി.എ ആയി തുടരുന്നതുമായ ലോണുകൾക്കാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. 31.03.2016 ന ശേഷം കുടിശ്ശിക ആയിട്ടുള്ളതും തിരിച്ചടവ് ആരംഭിച്ചിട്ടുള്ളതുമായ . വായ്പകൾക്ക് സഹായം നല്കുന്നതിന് നിലവിൽ അനുമതി നല്കിയിട്ടില്ല. ഇത്തരത്തിലുള്ള വായ്പകൾക്ക് കൂടി വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിവഴി സഹായം അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിൽ ഇല്ല. ഇതിനായുള്ള ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുന്നില്ല. |
| ബി | ഇത്തരത്തിലുള്ള വിദ്യാർത്ഥികൾക്ക് കൂടി തിരിച്ചടവ് സഹായം അനുവദിക്കുന്നത് സംബന്ധിച്ച നടപടി സർക്കാരിന്റെ പരിഗണനയിലുണ്ടോ;വിശദമാക്കാമോ; | |
| ഡി | ഇത്തരത്തിൽ 31.3.2016 ന ശേഷം കുടിശ്ശിക ആയിട്ടുള്ള അപേക്ഷകർക്കും വായ്പ തിരിച്ചടവ് സഹായം ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ? | |
| സി | ഇത്തരത്തിൽ 31.03.2016 ന് ശേഷം കുടിശ്ശികയായതും തിരിച്ചടവ് സഹായം അഭ്യർത്ഥിച്ചും കോതമംഗലം താലൂക്കിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | ബാധകമല്ല. |

സെക്ഷൻ ഓഫീസർ